"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - മയ്യനാട് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും വിരമിച്ച ശ്രീ.സുനിൽദത്ത് എസ്. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.23488/2021-ന്റെ 28.10.2021-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3878/2022/GEDN തീയതി,തിരുവനന്തപുരം, 02-07-2022

---

പരാമർശം:-

1. ശ്രീ.സുനിൽദത്ത് എസ്.ന്റെ 05.08.2021-ലെ റിവിഷൻ ഹർജി(എക്സിബിറ്റ് പി6)
2. ശ്രീ.സുനിൽദത്ത് എസ്, ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.23488/2021-ന്റെ 28.10.2021-ലെ വിധിന്യായം
3. കൊല്ലം ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ 07.01.2022-ലെ ബി5/8401/2011 നമ്പർ കത്ത്
4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 20.01.2022, 13.06.2022 തീയതികളിലെ ഡിഡിഇകെഎൽഎം/14381/2021-ബി3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മയ്യനാട് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും വിരമിച്ച ശ്രീ.സുനിൽദത്ത് എസ്. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.23488/2021-ന്റെ 28.10.2021-ലെ വിധിന്യായത്തിൽ, ഹർജിക്കാരൻ സർക്കാർ മുമ്പാകെ ഫയൽ ചെയ്ത എക്സിബിറ്റ് പി6 റിവിഷൻ ഹർജി, ഹർജിക്കാരനെയും അഞ്ചാം എതിർ കക്ഷിയായ സ്കൂൾ മാനേജരെയും ഉചിതമാർഗേണ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം, ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം, 09.02.2022 ന് പൊതുവിദ്യാഭ്യാസ (ബി) വകുപ്പിന്റെ അന്നത്തെ ജോയിന്റ് സെക്രട്ടറി, ഗൂഗിൾ മീറ്റ് വഴി കേട്ടു.

2) <u>ഹർജിക്കാരന്റെ വാദം ചുവടെ ചേർക്കുന്നു.</u>

"സ്കൂൾ മാനേജർ തനിക്കെതിരെ ചാർജ്ജ് മെമ്മോയിലൂടെ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളും, കൈക്കൊണ്ട ഒരു ലഘു ശിക്ഷാ നടപടിയും സ്കൂളിലെ മാനേജ്മെന്റ് കമ്മിറ്റിയുടെ കുടുംബകാരനും മാനേജരും ആയിരുന്ന ശ്രീമാൻ.പി.ബി.സുഭാഷിന്റെ പിതൃസഹോദരി മകൻ ശ്രീമാൻ.എം.അനിൽകുമാർ എന്ന പ്രസ്തുത സ്കൂളിലെ ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപകനും സ്കൂളിലെ എൻ.സി.സി യൂണിറ്റിന്റെ കോ-ഓർഡിനേറ്ററും ആയ അദ്ദേഹം എൻ.സി.സി.യൂണിറ്റിൽപെട്ട കുട്ടികളെ ഉപയോഗിച്ചുള്ള പരാതിയാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കാര്യാലയം നടത്തിയ അന്വേഷണ റിപ്പോർട്ട് നം.വി1/81031/2012/ഡിപിഐ-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതേ റിപ്പോർട്ടിൽ, ശ്രീമാൻ.ദിലീപ് കുമാർ തത്സമയ സ്കൂൾ ക്ലാർക്ക്, ശ്രീമാൻ സുനിൽദത്ത് ഹെഡ്മിസ്ട്രസിനോട് മോശമായി സംസാരിക്കുന്നത് കേട്ടിട്ടില്ലെന്നും, മുൻ ഹെഡ്മിസ്ട്രസ് ശ്രീമതി.റാണി, സുനിൽദത്ത് സാറിനെതിരെ ഒരു ദിവസം ഒരു കുട്ടിയെ കൊണ്ട് പരാതി എഴുതിക്കുന്നത് കണ്ടുവെന്നും, സ്കൂളിലുള്ള ഒരു ഗ്രൂപ്പാണ് ടിയാനെതിരെ പരാതി സമർപ്പിച്ചിട്ടുള്ളത് എന്നും പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്.

അന്വേഷണ വേളയിൽ സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ.മോഹൻ ദാസിന്റെ മൊഴിയിൽ,

ശ്രീമാൻ.സുനിൽദത്തിനെതിരെ ലൈംഗിക ആരോപണത്തിൽ എന്തെങ്കിലും കഴമ്പ് ഉള്ളതായി തോന്നുന്നില്ല എന്നും, സുനിൽദത്ത് അനാവശ്യമായി ക്ലാസ് സമയം പുറത്ത് പോകുന്നതോ മുൻ ഹെഡ്മിസ്ട്രസുമായി കയർത്ത് സംസാരിക്കുന്നതോ ശ്രദ്ധയിൽ പെട്ടിട്ടില്ല എന്നും, ഗണിതശാസ്ത്ര ക്ലബ്ബിന്റെയും ഗണിതശാസ്ത്ര ടീച്ചേഴ്സ് അസ്സോസിയേഷന്റെയും സംസ്ഥാന സെക്രട്ടറി, ജില്ലാ സെക്രട്ടറി, സംസ്ഥാന പുസ്തക രചനാ കമ്മിറ്റി അംഗം, ജില്ലാ ഗണിതശാസ്ത്ര ക്വിസ് മാസ്റ്റർ എന്നീ മേഖലകളുടെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായിരുന്നു എന്നും, സസ്പെൻഷൻ റദ്ദാക്കി പുന:പ്രവേശിപ്പിക്കുന്നതിനുള്ള സർക്കാർ ഉത്തരവുമായി സമീപിച്ചെങ്കിലും, മാനേജർ അദ്ദേഹത്തെ പുന:പ്രവേശിപ്പിക്കാനുള്ള ഉത്തരവ് നൽകാത്തതുകൊണ്ടും, സർക്കാർ ഉത്തരവിനെതിരെ മാനേജർ സ്റ്റേ ഓർഡർ വാങ്ങാൻ റിട്ട് ഹർജി നൽകുന്നു എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ ഉദ്യോഗത്തിൽ പ്രവേശിപ്പിക്കാൻ അനുവദിച്ചില്ല എന്നും സൂചിപ്പിക്കുന്നുണ്ട്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത അന്വേഷണ ഉദ്യോഗസ്ഥന്റെ മുമ്പിൽ നൽകിയ മൊഴിയിൽ സൂചിപ്പിച്ചിരിക്കുന്നത് "14/09/2015-ലെ മേൽ സർക്കാർ ഉത്തരവ് കൊല്ലം ജില്ലാ വിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചത് 29/05/2015-ലാണ്. അതിൻ പ്രകാരം 09/10/2015 ലെ ബി.5.8401/11 നമ്പർ കത്തു പ്രകാരം ശ്രീ. സുനിൽ ദത്തിന്റെ സസ്പെൻഷൻ റദ്ദ് ചെയ്ത് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിനും, അതു സംബന്ധിച്ച് റിപ്പോർട്ട് ഹാജരാക്കുന്നതിനും മയ്യനാട് എച്ച്.എസ്.എസ് മാനേജർക്ക് കർശന നിർദ്ദേശം നൽകിയിരുന്നു. 14/09/2015-ലെ സർക്കാർ ഉത്തരവിനെതിരെയും അതിന് തുടർച്ചയായി നൽകിയ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിർദ്ദേശങ്ങൾക്കെതിരെയും മയ്യനാട് എച്ച്.എസ്.എസ്. സ്കൂൾ മാനേജർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി (സിവിൽ) നം.30570/2015-ൽ, ശ്രീ.സുനിൽദത്തിനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കണമെന്ന 14/09/2015-ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കുന്നത് ഒരു മാസത്തേക്ക് തടഞ്ഞുവച്ചുകൊണ്ട് ബഹു.കേരള ഹൈക്കോടതി 08/10/2015-ൽ ഒരു ഇടക്കാല ഉത്തരവ് നൽകുകയുണ്ടായി. ടി ഉത്തരവിന്റെ സമയ പരിധി 07/11/2015-ൽ അവസാനിച്ചതിനാൽ 14/09/2015-ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിൽ വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ 28/11/2015-ലെ ബി.5/8401/11 നമ്പർ കത്ത് പ്രകാരം സ്കൂൾ മാനേജർക്ക് കട്ടത്ത നിർദ്ദേശം നൽകി. എന്നാൽ, പ്രസ്തുത നിർദ്ദേശങ്ങൾ നാളിതുവരെ സ്കൂൾ മാനേജർ നടപ്പിലാക്കുകയോ റിപ്പോർട്ട് ഹാജരാക്കുകയോ ചെയ്തിട്ടില്ല. മേൽ സാഹചര്യത്തിൽ മയ്യനാട് എച്ച്.എസ്.എസ്. സ്കൂൾ മാനേജർക്കെതിരെ കെ.ഇ.ആർ. അധ്യായം III ചട്ടം(7)-ൽ അനുശാസിക്കുന്ന പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ ഈ കാലയളവിൽ (സസ്പെൻഷൻ കാലാവധി) സ്കൂൾ മാനേജർമാരായിരുന്ന ശ്രീമാൻ.ബി.പി.സുഭാഷ്, ശ്രീ.കെ.ജി.സോമരാജൻ എന്നിവർക്കെതിരെ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ നൽകിയ ഉത്തരവുകൾ പാലിക്കാതിരുന്നതിനും, ബഹു. കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച്, ഡിവിഷൻ ബഞ്ച് ഉത്തരവുകൾ പാലിക്കാതിരിക്കുകയും പ്രസ്തുത ഉത്തരവുകൾ നടപ്പിലാക്കുന്നതിന് കോടതി അലക്ഷ്യ കേസ്സുകൾ ഫയൽ ചെയ്ത് ഉത്തരവ് നടപ്പിലാക്കിക്കാൻ സാഹചര്യം ഒരുക്കിയ ഈ മാനേജർമാരെയും അവരുടെ അനന്തര അവകാശികളായി വരുന്ന കുടുംബാംഗങ്ങളെയും പൂർണ്ണമായും കേരള വിദ്യാഭ്യാസ ചട്ട ലംഘനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി അയോഗ്യത കൽപിച്ച് മാറ്റി നിർത്തേണ്ടതാണെന്നും, അവർക്ക് സ്കൂൾ കൗൺസിലിലൂടെ ലഭ്യമാകേണ്ട വാർഷിക വരുമാനം പൊതുഖജനാവിൽ കണ്ടെത്തി ശ്രീമാൻ.സുനിൽദത്തിന് അർഹമായും ലഭ്യമാകേണ്ട എല്ലാ ആനുകൂല്യങ്ങളും പെൻഷനും മാനേജരാൽ നിഷേധിക്കപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയുടെ ശമ്പള സ്കെയിൽ ഉൾപ്പെടെ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ വിഷയത്തിൽ സ്കൂൾ ഹെഡ്മിസ്ട്രസ്സിനു ലഭിച്ച പരാതി സ്കൂളിലെ ഒരു വിഭാഗം അധ്യാപകരും അനധ്യാപകരും ചേർന്ന് സുനിൽദത്തിന് ഭാവിയിൽ ലഭ്യമാകേണ്ട സ്കൂൾ ഹെഡ്മാസ്റ്റർ പദവി നഷ്ടപ്പെടുത്തുന്നതിനു വേണ്ടി കെട്ടിച്ചമച്ച ഒരു പരാതിയായിരുന്നു എന്നത് വിദ്യാഭ്യാസ വകുപ്പിന്റെ വിജിലൻസ് വിഭാഗം രണ്ടു പ്രാവശ്യം നടത്തിയ അന്വേഷണ റിപ്പോർട്ടിലും, പോലീസ് ഡിപ്പാർട്ട്മെന്റിന്റെ സ്പെഷ്യൽ ബ്രാഞ്ച് വിഭാഗം അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് കാര്യാലയം നടത്തിയ അന്വേഷണ റിപ്പോർട്ടിലും വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. സ്കൂൾ മാനേജരുടെ ശിക്ഷാനടപടികൾ നടപ്പിലാക്കിയ ഉത്തരവ് നം. എം.എച്ച്.എസ്.എസ്/സുനിൽദത്ത്/2019/3 തീയതി 23/07/2009-ൽ ശമ്പള സ്കെയിൽ കുറവ് വരുത്തി എന്ന ഉത്തരവിൽ കാലാവധി നിഷ്കർഷിച്ചിട്ടില്ല കൂടാതെ പ്രസ്തുത ശിക്ഷാകാലാവധി താൽക്കാലികമായിട്ടാണോ സ്ഥിരമായിട്ടാണോ എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ശിക്ഷാ കാലാവധി ആറുമാസമേ നിലനിൽക്കുകയുള്ളൂ. അന്വേഷണങ്ങളിലെല്ലാം തന്നെ തനിക്കെതിരെ ഉന്നയിച്ച ഒരു കുറ്റങ്ങളും മാനേജർക്കോ, അന്വേഷണ ഉദ്യോഗസ്ഥന്മാർക്കോ തെളിയിക്കാൻ സാധിച്ചിട്ടില്ല അതിനു പുറമേ, എല്ലാ അന്വേഷണങ്ങളിലും താൻ കുറ്റക്കാരനല്ലാ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വേലവിലക്കായി നിർത്തി ക്രമീകരിക്കുന്ന ഒരു വ്യവസ്ഥ കേരള വിദ്യാഭ്യാസ ചട്ടത്തിലോ, മാന്വൽ ആൻഡ് ഡിസിപ്ലിനറി പ്രൊസീഡിംഗ്സിലോ ഇല്ലാത്തതാണ്. ആയതിനാൽ തന്റെ വേലവിലക്ക് കാലഘട്ടം എല്ലാ

ആവശ്യങ്ങൾക്കും വേണ്ടി ഡ്യൂട്ടിയായി പരിഗണിക്കണമെന്നും സ്കൂൾ മാനേജരുടെ നടപടി ക്രമങ്ങളാൽ തനിക്ക് നഷ്ടപ്പെട്ട ഹെഡ്മാസ്റ്റർ തസ്തികയുടെ അർഹമായി ശമ്പളം, മറ്റ് സേവന-വേതന പെൻഷൻ ഇവയെല്ലാം ലഭ്യമാകുന്നതിനുവേണ്ടി അഭ്യർത്ഥിക്കുന്നു."

3) **മാനേജരുടെ വാദം ചുവടെ ചേർക്കുന്നു.**

"ഹർജിക്കാരനായ ശ്രീ.സുനിൽ ദത്ത് 30/06/1988-ൽ മയ്യനാട് ഹയർസെക്കന്ററി സ്കൂളിൽ യു.പി.എസ്.എ തസ്തികയിൽ നിയമിക്കപ്പെടുകയും, എച്ച്.എസ്.എ (ഗണിതം) തസ്തികയിലേക്ക് 01/01/1991 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് നിയമനാംഗീകാരത്തോടുകൂടി ഹൈസ്കൂൾ അദ്ധ്യാപകനായി തുടർന്നുവരവെ, ഹർ ജിക്കാരൻ 2/1997 മുതൽ 30/09/2007 വരെ വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായി അവധിയിൽ പ്രവേശിക്കുകയും തുടർന്ന് 04/09/2007-ൽ സർവ്വീസിൽ പുന:പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്.

അപ്രകാരം സർവ്വീസിൽ തുടരവെ, വിദ്യാർത്ഥിനികളെ മാനസിക സമ്മർദ്ദത്തിനിടയാക്കുന്ന തരത്തിലുള്ള സദാചാരവിരുദ്ധമായ പെരുമാറ്റങ്ങൾ, അച്ചടക്കലംഘനം, കൃത്യവിലോപം, മേലധികാരികളെ ധിക്കരിക്കുക, മോശപ്പെട്ട ഭാഷാപ്രയോഗങ്ങൾ, സ്കൂളിന്റെയും സഹപ്രവർത്തകരുടെയും അന്തസ്സിനെ ദോഷകരമായി ബാധിക്കുന്ന തരത്തിലുള്ള പെരുമാറ്റ ദൂഷ്യം എന്നീ കാരണങ്ങളാൽ മാനേജർ ഹർജിക്കാരനെ സർവ്വീസിൽ നിന്നും 26/08/2011 പ്രാബല്യത്തിൽ സസ്പെന്റ് ചെയ്തു. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ യിലെ ചട്ടം 67(8) പ്രകാരം സസ്പെൻഷന് ആധാരമായ കാരണങ്ങളെക്കുറിച്ച് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രാഥമിക അന്വേഷണം നടത്തുകയും 1 5 ദിവസത്തിലധികം വരുന്ന കാലയളവുകളിലേക്ക് സസ്പെൻഷൻ ദീർഘിപ്പിച്ച് ഉത്തരവാകുകയും ചെയ്തു. മാനേജർ ഹർജിക്കാരനെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 26/08/2011-ൽ നൽകിയ കുറ്റപത്രത്തിനെതിരെയുള്ള വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ മാനേജരുടെ ആവശ്യപ്രകാരം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അദ്ധ്യായം 14എ യിലെ ചട്ടം 75 പ്രകാരമുള്ള വിശദമായ അന്വേഷണം നടത്തുകയും ചെയ്തിരുന്നു. എന്നാൽ, കൊല്ലം ജില്ലാവിദ്യാഭ്യാസ ഓഫീസർ നടത്തിയ അന്വേഷണ റിപ്പോർട്ട് തൃപ്തികരമല്ലാതിരുന്നതിനാൽ മാനേജർ റൂൾ 7 5 പ്രകാരം ചട്ടങ്ങൾക്കനുസൃതമായി പുനരന്വേഷണം നടത്തുന്നതിന് ബഹു. സർക്കാർ മുമ്പാകെ റിവിഷൻ ഹർജി ഫയൽ ചെയ്യുകയും, പ്രസ്തുത റിവിഷൻ ഹർജിയിന്മേൽ സമയബന്ധിതമായി തീരുമാനമാകുന്നതിന് ബഹു. കേരളാ ഹൈക്കോടതിയിൽ WP(C)8239/2012 നമ്പർ റിട്ട് ഹർജി ഫയൽചെയ്തിട്ടുള്ളതായി ഹർജിക്കാരൻ ഫയൽ ചെയ്ത 05/08/2021-ലെ ഹർജിയിൽ നിന്നും വ്യക്തമാകുന്നതാണ്.

ഇതിനിടയിൽ ഹർജിക്കാരനെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശം ഉണ്ടായെങ്കിലും ഇതിനെതിരെ മാനേജർ ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്യുകയും സ്റ്റേ സമ്പാദിക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന്, സർക്കാർ പുറപ്പെടുവിച്ച 14/09/2015-ലെ ജി.ഒ (ആർ.ടി) 4002/2015/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) ചട്ടം 75 പ്രകാരമുള്ള പുനരന്വേഷണം നടത്തിയിരുന്നു.

മാനേജർ, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) നടത്തിയ അന്വേഷണ റിപ്പോർട്ട് ഏകപക്ഷീയവും വസ്തുതകൾക്ക് നിരക്കുന്നതും അല്ലാത്തതിനാൽ ചട്ടം 7 5 പ്രകാരം വസ്തുനിഷ്ഠമായ പുനരന്വേഷണം നടത്തുന്നതിന് സർക്കാർ മുമ്പാകെ ഹർജി ഫയൽചെയ്യാൻ നിർബന്ധിതനായി. ഇതിനിടയിൽ മുൻ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരനെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കാൻ ഉത്തരവുണ്ടായെങ്കിലും പ്രസ്തുത ഉത്തരവിനെതിരെയും പുതിയ അന്വേഷണം നടത്തുന്നതിന് സർക്കാരിൽ മാനേജർ സമർപ്പിച്ച ഹർജിയിലും സമയബന്ധിതമായ തീരുമാനമുണ്ടാകുന്നതിനായി കേരളാ ഹൈക്കോടതിയിൽ WP(C) 29569/2017 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തു. പ്രസ്തുത റിട്ട് ഹർജിയിലെ വിധിയ്ക്കെതിരെ മാനേജർ WA No.198/2019 നമ്പർ റിട്ട് അപ്പീൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് മുമ്പാകെ ഫയൽ ചെയ്തു. റിട്ട് അപ്പീലിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 23/04/2018-ലെ ജി.ഒ (ആർ.ടി) 1536/2018/പൊ.വി.വ പ്രകാരം 08/12/2015-ലെ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) നടത്തിയ അന്വേഷണ റിപ്പോർട്ട് അസാധുവാക്കുകയും, അദ്ധ്യായം 14എ-യിലെ ചട്ടം 7 5 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടുള്ള പുനരന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) നെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു. ഇതിനിടയിൽ, ഹർജിക്കാരനെ സർവ്വീസിൽ പുന.പ്രവേശിപ്പിക്കുന്ന കാര്യത്തിൽ സ്റ്റേ നിലവിൽ വരികയും ചെയ്തിരുന്നു. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് അദ്ധ്യായം 14എ-യിലെ ചട്ടം 7 5 പ്രകാരം വിശദമായ പുനരന്വേഷണം നടത്തുകയും, സർക്കാരിൽ സമർപ്പിച്ച

4/01/2019-ലെ പുനരന്വേഷണ റിപ്പോർട്ടിൽ കുറ്റാരോപിതനായ ശ്രീ. സുനിൽദത്തിന്റെ പേരിൽ ഉന്നയിക്കപ്പെട്ട മുഖ്യ ആരോപണം അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതുമാണ്. അച്ചടക്കനടപടികൾ പര്യവസാനിപ്പിക്കുന്നതിന്റെ ഭാഗമായി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14(എ)യിലെ ചട്ടം 65(iv) പ്രകാരം കുറ്റാരോപിതന്റെ അടിസ്ഥാന ശമ്പളത്തിൽ കുറവ് വരുത്തി ശിക്ഷ ചുമത്തുന്നതിനായി താൽക്കാലിക തീരുമാനം എടുക്കുകയും, പ്രസ്തുത താൽക്കാലിക തീരുമാനം അന്തിമമാക്കുന്നതിന് മുമ്പായി ശ്രീ.സുനിൽദത്തിനെതിരെ കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തു.

തുടർന്ന് മാനേജർ 23/07/2019-ലെ MHSS/Sunildutt/2019/3 നമ്പർ ഉത്തരവ് പ്രകാരം ശ്രീ. സുനിൽദത്തിന്റെ അടിസ്ഥാന ശമ്പളം 16980-440-18740-500-21240-560-24040-620-27140-680-29860-31360 (2009 Pay Revision) എന്ന സ്കെയിലിൽ 17860/- ആയി കുറവ് വരുത്തി അച്ചടക്ക നടപടികൾ അന്തിമമാക്കി ഉത്തരവായി. പ്രസ്തുത തീരുമാനത്തിന്മേൽ അദ്ധ്യായം 14എ യിലെ ചട്ടം 70 പ്രകാരമുള്ള കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അനുമതി മാനേജർ നേടിയിട്ടുള്ളതുമാണ് എന്നാൽ 23/07/2019-ലെ ശിക്ഷാനടപടി പര്യവസാനിപ്പിച്ചുകൊണ്ട് മാനേജർ പുറപ്പെടുവിച്ച ഉത്തരവിൽ ശ്രീ.സുനിൽദത്ത് സസ്പെൻഷനെ തുടർന്ന് സർവ്വീസിൽ നിന്നും പുറത്തുനിന്ന കാലയളവ് സസ്പെൻഷനായിതന്നെ ക്രമീകരിക്കുകയും, പ്രസ്തുത കാലയളവിൽ സബ്സിസ്റ്റൻസ് അലവൻസിന് മാത്രമേ ടിയാൾക്ക് അർഹതയുള്ളൂവെന്നും ഉത്തരവായിരുന്നു. സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായോ അർഹതപ്പെട്ട അവധിയായോ ക്രമീകരിക്കേണ്ടതുണ്ട്.

ഈ വിഷയത്തിൽ ഹർജിക്കാരൻ ബഹു. കേരളാ ഹൈക്കോടതിയിൽ ഫയൽചെയ്ത WP(C)22416/2019, WP(C) 35611/2019 എന്നീ റിട്ട് ഹർജികളിലെ 13/01/2021-ലെ വിധിന്യായത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഹർജിക്കാരൻ ഇപ്പോൾ ഫയൽചെയ്തിരിക്കുന്ന WP(C) 23488/2021 നമ്പർ റിട്ട് ഹർജിയിലെ വിധിന്യായത്തിൽ ഹർജിക്കാരനെതിരെ യുള്ള ശിക്ഷാനടപടി കോടതി അംഗീകരിച്ചിട്ടുള്ളതും എന്നാൽ സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ അധികൃതരിൽ നിന്നും ഉത്തരവ് തേടേണ്ടതാണ് എന്നുമാണ് കോടതി വ്യക്തമാക്കിയിട്ടുള്ളത്.

ഹർജിക്കാരനെതിരെയുള്ള ശിക്ഷണ നടപടി ലഘു ശിക്ഷ (മൈനർ പെനാൽറ്റി) യുടെ പരിധിയിൽ വരുന്നതിനാൽ 26/08/2011 മുതൽ 06/02/2018 (07/02/2018-ൽ സർവ്വീസിൽ പുന:പ്രവേശിച്ചു) വരെയുള്ള സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ചും എന്നാൽ പ്രസ്തുത കാലയളവിലെ ശമ്പളം സബ്സിസ്റ്റൻസ് അലവൻസിൽ പരിമിതപ്പെടുത്തിയും ഉത്തരവാകാവുന്നതാണ്. അപ്രകാരം കോടതി വിധി നടപ്പാക്കി ആവശ്യമായ നിർദ്ദേശം മാനേജർക്കും കൊല്ലം ജില്ലാവിദ്യാഭ്യാസ ഓഫീസർക്കും നൽകി ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു."

4) വിദ്യാഭ്യാസ ഉപഡയറക്ടർ , ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. സുനിൽദത്ത് മയ്യനാട് എച്ച്.എസ്.എസ്സിൽ 01/01/1991 മുതൽ എച്ച്.എസ്.ടി (മാത്സ്) ആയി സേവനം ചെയ്തിരുന്നു. ടിയാൾ ഈ കാലയളവിൽ ശൂന്യവേതനാവധിയിൽ വിദേശത്ത് പോവുകയും പിന്നീട് തിരിച്ചു വരുകയും 24/09/2007 ൽ മാതൃവിദ്യാലയത്തിൽ പുന:പ്രവേശിക്കുകയും ചെയ്തു. ടിയാൾക്കെതിരെ പി.റ്റി.എ യിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും ഹെഡ്മാസ്റ്ററിൽ നിന്നും, വിദ്യാർത്ഥിനികളിൽ നിന്നും ഓഫീസ് സ്റ്റാഫുകളിൽ നിന്നും നിരവധി ആരോപണങ്ങൾ ഉയർന്നിരുന്നു.അവയിൽ ചിലതാണ് വിദ്യാർത്ഥികൾക്കെതിരെയുള്ള പീഡനം, അനുസരണയില്ലായ്മയും, അച്ചടക്കമില്ലായ്മയും, ജോലിയിൽ ഉപേക്ഷ, അസഭ്യ വർത്തമാനം, അനുവാദം കൂടാതെ സ്കൂളിൽ നിന്നും പോവുക മുതിർന്ന ഉദ്യോഗസ്ഥർക്കെതിരെ വ്യാജ പരാതി നൽകൽ എന്നിവ.

ഈ ആരോപണത്തെതുടർന്നുള്ള രേഖാമൂലമുള്ള പരാതിയെതുടർന്ന് മയ്യനാട് എച്ച്.എസ്.എസ് മാനേജർ ശ്രീ.സുനിൽ ദത്തിനെ 26/08/11 മുതൽ 15 ദിവസത്തേയ്ക്ക് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. അതിനെതുടർന്ന് 02/09/2011-ൽ ജില്ലാ വിദ്യാഭ്യാസ ആഫീസർ (കൊല്ലം) പ്രാഥമിക അന്വേഷണം നടത്തുകയും, ടിയാളുടെ സസ്പെൻഷൻ കാലാവധി കെ.ഇ.ആർ റൂൾ 67(8) ചാപ്റ്റർ 14എ പ്രകാരം നീട്ടുവാൻ മാനേജർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. അതിനാൽ 11/9/11 മുതൽ സസ്പെൻഷൻ പീരീഡ് കൂട്ടുകയും ചെയ്തു. ആറു മാസത്തിൽ കൂടുതൽ ടിയാളുടെ സസ്പെൻഷൻ കാലയളവ് നിലനിന്നതിനാൽ വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം,

ബി6/14103/11, തീയതി 25/02/12 പ്രകാരം ടിയാളെ സർവ്വീസിൽ തിരിച്ചെടുക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകി. ഈ ഉത്തരവിനെതിരെ മാനേജർ ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.സി/8932/12 ഫയൽ ചെയ്തു. 10/04/2016-ാം തീയതിയിലെ ഹൈക്കോടതി ഉത്തരവിൽ ഈ വിഷയത്തിൽ തീരുമാനമെടുക്കുവാൻ ഗവൺമെന്റിനെ നിർദ്ദേശിക്കുകയും ചെയ്തു. തൻമദ്ധ്യേ, മാനേജർ, വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും ഗവൺമെന്റിനും അപ്പീൽ ഫയൽ ചെയ്തു. ഇതിനെ തുടർന്ന്, താല്പര്യമുള്ള കക്ഷികളെ വ്യക്തിപരമായി കേൾക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അനുവാദം നൽകി. ഹൈക്കോടതി വിധി ഡബ്ല്യൂ.പി.സി 8936/12 പ്രകാരം പുറപ്പെടുവിച്ച 10/07/2012-ലെ ജി.ഒ(ആർ.റ്റി) 3267/12 പ്രകാരം 07/09/12-ാം തീയതി കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീ.സുനിൽദത്തിനെതിരെയുള്ള ആരോപണത്തെപ്പറ്റി നടത്തിയ വിശദമായ അന്വേഷണത്തിൽ, 1 2 മാസത്തിൽ കൂടുതൽ സസ്പെൻഷനിൽ തുടർന്നിരുന്നതിനാൽ ടിയാളെ തിരിച്ചെടുക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർ നൽകിയ ഉത്തരവ് ശരിയാണെന്ന് ജില്ലാ വിദ്യാഭ്യാസ ആഫീസർ അന്വേഷണ റിപ്പോർട്ട് മാനേജർക്കും വിദ്യാഭ്യാസ ഉപഡയറക്ടർക്കും നൽകി. ഈ ഉത്തരവ് തടയുവാൻ മാനേജർ ഡബ്ല്യൂ.പി.സി 26266/12 ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തു. 07/11/12-ാം തീയതിയിലെ ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവിൽ കൊല്ലം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് സ്റ്റേ ചെയ്യുകയും, ഗവൺമെന്റിന് സുനിൽ ദത്ത് ഫയൽ ചെയ്ത നിവേദനത്തിൽ വാദിയെയും ടിയാളെയും കേട്ടശേഷം തീരുമാനമെടുക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു.

ബഹു.ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം 05/08/2015-ൽ നടത്തിയ ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഉത്തരവ് നം. ജി.ഒ(ആർ.റ്റി) നം. 4002/2015/ജന.എഡ്യൂ തീയതി. 14/09/2015 പ്രകാരം, സുനിൽദത്തിന്റെ സസ്പെൻഷൻ പിൻവലിച്ച് ടിയാളെ തിരിച്ചെടുക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകുകയും, ആയത് നടപ്പിലാക്കിയത് പരിശോധിക്കുവാൻ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറോടും കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസറോടും നിർദ്ദേശിച്ചു.

കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കത്ത് നം.ബി5/5401/11, തീയതി 09/10/15 പ്രകാരം ശ്രീ.സുനിൽദത്തിന്റെ സസ്പെൻഷൻ റദ്ദ് ചെയ്ത് ടിയാളെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുവാനും, ഗവൺമെന്റ് ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആ വിവരം റിപ്പോർട്ട് ചെയ്യുവാനും മാനേജർക്ക് നിർദ്ദേശവും നൽകി. ഇതിനെതിരെ മാനേജർ ബഹു.ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.സി നം.30570/15 ഫയൽ ചെയ്യുകയും, ഒരു മാസക്കാലത്തേയ്ക്ക് പുന:പ്രവേശന ഉത്തരവ് വരെയും അച്ചടക്ക നടപടി തുടരുന്നവരെയും ജി.ഒ (ആർ.റ്റി) നം.4002/2015/ജന.എഡ്യൂ തീയതി 14/9/15 പ്രകാരം ഇടക്കാല സ്റ്റേ വാങ്ങുകയും ചെയ്തു.

അതിനുശേഷം മാനേജർ ബഹു.ഹൈക്കോടതി മുമ്പാകെ ഡബ്ല്യൂ.പി.സി 30570/15 ഫയൽ ചെയ്യുകയും, കൂടാതെ ഡബ്ല്യൂ.പി.സി 31315/15, തീയതി 04/11/15 വിധിപ്രകാരം അഡീഷണൽ ഡയറക്ടർ ഓഫ് പബ്ളിക് ഇൻസ്ട്രക്ഷൻ (വിജിലൻസ്) അന്വേഷണം നടത്തുവാനും, അതിൻ പ്രകാരം 6 മാസത്തിനുള്ളിൽ അന്വേഷണ റിപ്പോർട്ട് നൽകുവാനും നിർദ്ദേശിച്ചു. ഇതിനെതുടർ ന്ന് 8/12/15-ൽ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ അന്വേഷണം നടത്തുകയും, പ്രസ്തുത റിപ്പോർട്ട് മാനേജർക്ക് നൽകുകയും അതിൻപ്രകാരം ശ്രീ.സുനിൽദത്തിനെ സർവ്വീസിൽ തിരിച്ചെടുക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. പക്ഷേ, മാനേജർ പ്രസ്തുത നിർദ്ദേശം പാലിച്ചില്ല. അതിന് ശേഷം മാനേജർ ഡബ്ല്യൂ.പി.സി 8284/16 ഫയൽ ചെയ്യുകയും, 19/12/2016-ലെ വിധിയിൽ ഗവൺമെന്റ് മാനേജരെയും ടീച്ചറെയും കേട്ടതിനുശേഷം തീരുമാനമെടുക്കുവാൻ വിധി ആയിരിക്കുകയാണ്. ശ്രീ. സുനിൽദത്ത് ഹൈക്കോടതി മുമ്പാകെ ഡബ്ല്യൂ.പി.സി 20801/16 വിധിക്കെതിരെ ഡബ്ല്യൂ.പി.സി 2508/16 ഫയൽ ചെയ്തു. ബഹു.ഹൈക്കോടതി ശ്രീ.സുനിൽദത്തിനെ എത്രയും പെട്ടെന്ന് തിരിച്ചെടുക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകി. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ജില്ലാ വിദ്യാഭ്യാസ ആഫീസറും, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും, പൊതുവിദ്യാഭ്യാസ ഡയറക്ടറും, ഗവൺമെന്റും ശ്രീ.സുനിൽദത്തിനെ തിരിച്ചെടുക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകി പക്ഷേ, മാനേജർ ഈ നിർദ്ദേശം പാലിച്ചിരുന്നില്ല. ഡബ്ല്യൂ.പി.സി 2508/16 ഡിവിഷൻ ബഞ്ചിന്റെ വിധിയെതുടർന്ന് ജില്ലാ വിദ്യാഭ്യാസ ആഫീസർ (കൊല്ലം) ടിയാളെ തിരിച്ചെടുക്കുവാൻ മാനേജർക്ക് കർശന നിർദ്ദശം നൽകി. ഡബ്ല്യൂ.പി.സി 8284/16, തീയതി 19/12/2016-ന് എതിരെ ശ്രീ.സുനിൽദത്ത് ഹൈക്കോടതിയിൽ ഡബ്ല്യൂ.എ.2509/16 ഫയൽ ചെയ്യുകയും, തുടർന്ന് ബഹു.ഹൈക്കോടതിയുടെ 19/01/17-ലെ ഡബ്ല്യൂ.എ.2508/16, 2509/16 എന്നീ റിട്ട് അപ്പീലുകളുടെ പൊതുവിധിയുടെ അടിസ്ഥാനത്തിൽ 14/09/2015-ലെ ജി.ഒ(ആർ.റ്റി) 4002/2015/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശം ഒരു മാസത്തിനുള്ളിൽ പാലിക്കുവാൻ മാനേജർക്ക് നൽകിക്കൊണ്ട് 17/08/2017-ലെ സ.ഉ(ആർ.റ്റി) നം.2824/2017/പൊ.വി.വ പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ പ്രസ്തുത നിർദ്ദേശം പാലിക്കാത്തപക്ഷം കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം III ചട്ടം 7

പ്രകാരം മാനേജർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും, സർക്കാർ ഉത്തരവിലെ നിർദ്ദേശം മാനേജർ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തി റിപ്പോർട്ട് ചെയ്യാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

ടി സർക്കാർ ഉത്തരവിനെതിരെ മാനേജർ ഡബ്ല്യൂ.പി.സി നം.29569/2017, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയും, 19/09/2017-ലെ വിധിയിൽ ബഹു.ഹൈക്കോടതി സർക്കാർ ഉത്തരവിന് ഒരു മാസം സ്റ്റേ നൽകുകയും ചെയ്തു. വീണ്ടും 09/10/17-ൽ സ്റ്റേ രണ്ടു മാസത്തേയ്ക്കുകൂടി ബഹു.ഹൈക്കോടതി അനുവദിച്ചു. ടി കേസിന്റെ 05/01/2018-ലെ അന്തിമവിധിയിൽ ശ്രീ.സുനിൽദത്തിനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിയ്ക്കാൻ നിർദ്ദേശിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ മാനേജർ ശ്രീ.സുനിൽദത്തിന്റെ സസ്പെൻഷൻ പിൻവലിക്കുകയും, ടിയാൾ 07/12/2018-ൽ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഡബ്ല്യൂ.പി.സി 29569/17-ന്റെ 05/01/2018-ലെ വിധിന്യായത്തിനെതിരായി മാനേജർ 198/2018 നമ്പരിൽ ഡബ്ല്യൂ.എ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയും, ടി ഡബ്ല്യൂ.എ- യുടെ 25/01/2018-ലെ വിധിന്യായത്തിൽ ടി ഡബ്ല്യൂ.എ ബഹു.ഹൈക്കോടതി ഡിസ്മിസ് ചെയ്യുകയും, മാനേജരുടെ റിവിഷൻ പെറ്റീഷൻ പുന:പരിശോധിച്ച് താത്പര്യമുള്ള എല്ലാവരെയും നേരിൽ കേട്ട്, റിക്കോർഡുകൾ പരിശോധിച്ച് 3 മാസത്തിനകം പുതിയ ഉത്തരവ് നൽകാൻ സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇതിനെതുടർന്ന് കേരളാ വിദ്യാഭ്യാസ നിയമം അദ്ധ്യായം XIV A ചട്ടം 75 പ്രകാരം പുനരന്വേഷണം നടത്തി 1 മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറെ നിയോഗിച്ചുകൊണ്ട് 23/04/2018 ൽ ഗവൺമെന്റ് ഉത്തരവ് ജി.ഒ (ആർ.റ്റി) നം. 1536/18/പൊ.വി.വ പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ അന്വേഷണം നടത്തുകയും പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ 04/01/2019-ൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് ഈ ആഫീസിലെ 23/03/2019-ലെ കത്ത് പ്രകാരം ടിയാന്റെ സസ്പെൻഷൻ കാലയളവ് റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

ശ്രീ.സുനിൽദത്ത് ഫയൽ ചെയ്ത WP(C) No. 18824/18-ന്റെ 13/09/2018-ലെ വിധിന്യായ പ്രകാരം ടിയാന് 07/02/2018 മുതൽ പ്രഥമാദ്ധ്യാപക പ്രൊമോഷൻ നൽകുവാൻ മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് മയ്യനാട് എച്ച്.എസ്.എസ് മാനേജർ 10/10/2018-ൽ ശ്രീ.സുനിൽദത്തിന് നൽ കിയ കത്ത് പ്രകാരം, ജി.ഒ.(ആർ.റ്റി) 1536/2018 ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 23/04/2018-ൽ എ.ഡി.പി.ഐ. നടത്തിയ എൻക്വയറിയുടെ റിപ്പോർട്ട് ലഭ്യമായശേഷം ടിയാന്റെ എച്ച്.എം പ്രൊമോഷൻ പരിഗണിക്കാം എന്നറിയിച്ചിരുന്നു.

ശ്രീ. സുനിൽദത്തിന്റെ പ്രായപരിധി പെൻഷൻ തീയതി, 31/07/2019 ആയിരിക്കെ ടിയാൻ 06/08/2019 മുതൽ സ്കൂളിൽ ഹാജരാകുന്നില്ല എന്നും, ടിയാന്റെ ലീവ് അക്കൗണ്ടിൽ അർഹതപ്പെട്ട യാതൊരു ലീവും ഇല്ലാത്തതിനാൽ 06/08/2019 മുതലുള്ള കാലയളവ് നിയമാനുസൃതമല്ലാത്ത അവധിയായി പരിഗണിക്കുവാൻ മയ്യനാട് എച്ച്.എസ്.എസ് ടീച്ചർ-ഇൻ-ചാർജ്ജിന്റെ 07/08/2019-ലെ MHSS/109/19 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെടുകയും, മാനേജരുടെ 13/08/2019- ലെ വിടുതൽ ഉത്തരവ് പ്രകാരം സൂപ്പർ ആന്വേഷൻ പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും വിടുതൽ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത കത്തുകളുടെ അടിസ്ഥാനത്തിൽ ടിയാന്റെ സർവ്വീസ് ബുക്ക്, സ്കൂളിലെ ഹാജർ പുസ്തകം എന്നിവ പരിശോധിക്കുകയും ടിയാന്റെ ലീവ് അക്കൗണ്ടിൽ അർഹതപ്പെട്ട ലീവ് ഒന്നും തന്നെ നിലവിലില്ലാത്തതിനാൽ KST Part I R 60C പ്രകാരം 31/07/2019 AN പ്രകാരം ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതായി ഈ ആഫീസിലെ ബി.5/8401/11 തീയതി 19/08/2019 പ്രകാരം ഉത്തരവ് നൽകുകയും ചെയ്തു.

ശ്രീ.സുനിൽദത്തിന്റെ സസ്പെൻഷൻ കാലയളവ് റഗുലറൈസ് ചെയ്ത് 6 ആഴ്ച്ചയ്ക്കകം അച്ചടക്ക നടപടി പൂർത്തീകരിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നു. മയ്യനാട് എച്ച്.എസ്.എസ് മാനേജരുടെ 23/07/2019-ലെ MHSS/Sunildutt/2019/3 നമ്പർ ഉത്തരവ് പ്രകാരം, ടിയാന് Pre revised scale ൽ 16980-31360/- രൂപ നിരക്കിൽ അടിസ്ഥാന ശമ്പളം 17,860/- ആയി കുറച്ച് കൊണ്ടും, സസ്പെൻഷൻ കാലയളവിൽ Subsistance Allowance-ന് മാത്രമേ അർഹതയുള്ളൂ എന്നും നിർദ്ദേശിച്ചുകൊണ്ട് ശിക്ഷണ നടപടി നടപ്പിലാക്കിയ ഉത്തരവ് നൽകിയത്.

ടിയാൻ സസ്പെൻഷനിൽ ആയിരുന്ന സമയത്ത് 26/08/2011-ൽ അടിസ്ഥാന ശമ്പളം 19240/- ആയിരുന്നു. എന്നാൽ മാനേജർ സസ്പെൻഷൻ റഗുലറൈസ് ചെയ്ത ഉത്തരവിൽ അടിസ്ഥാന ശമ്പളം `17,860/- ആയി reduce ചെയ്ത് നൽകിയത് KER Chapter XIV A R 65 അനുശാസിക്കും പ്രകാരമല്ലാത്തതിനാൽ പ്രസ്തുത ഉത്തരവ് പരിശോധിച്ച് സമർപ്പിക്കുവാൻ മാനേജർക്ക് ഈ

ആഫീസിലെ 08/08/2019 ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടിയാന്റെ ബേസിക് പേ 19240/-ൽ നിന്നും 17860/-ലേക്ക് reduce ചെയ്ത് നൽകിയത് മൂലം ടിയാന് 3 ഇൻക്രിമെന്റ് മാത്രമേ കുറയുന്നുള്ളൂ എന്നും, കൂടാതെ ടിയാന് punishment impose ചെയ്യുന്ന തീയതി മുതൽ Superannuation period വരെ മിനിമം 6 മാസമേ ഉള്ളൂ എന്നതിനാലുമാണ് കെ.ഇ.ആർ അദ്ധ്യായം 14 (എ) റൂൾ 65(2) പ്രകാരം ശിക്ഷാ നടപടി നൽകിയത് എന്നും മാനേജരുടെ 28/07/2019-ലെ എം.എച്ച്.എസ്.എസ്/സുനിൽദത്ത്/2019/14 നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ സസ്പെൻഷൻ കാലയളവ് റഗുലറൈസ് ചെയ്ത്കൊണ്ടുള്ള മാനേജരുടെ നടപടി ഈ ആഫീസിലെ 27/09/2019 ലെ ബി.5/8401/2011 ഉത്തരവ് പ്രകാരം സാധൂകരിച്ച് നൽകുകയും ചെയ്തു. എന്നാൽ ശ്രീ.സുനിൽദത്ത് ഫയൽ ചെയ്ത WP(C) 22416/2019-ന്റെ ബഹു. കേരള ഹൈക്കോടതിയുടെ 26/08/2019-ലെ വിധിന്യായ പ്രകാരം മാനേജരുടെ 23/07/2019-ലെ അച്ചടക്കനടപടികൾ പൂർത്തീകരിച്ച ഉത്തരവ് സ്റ്റേ ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സ്റ്റേ ഉത്തരവ് ബന്ധപ്പെട്ട കക്ഷികളിൽ നിന്നോ ബഹു ഹൈക്കോടതിയിൽ നിന്നോ ഈ ആഫീസിൽ ലഭ്യമായിട്ടില്ലാത്തതിനാലാണ് ടിയാന്റെ അച്ചടക്ക നടപടി സാധൂകരിച്ച് ഉത്തരവ് നൽകിയത്. ബഹു. കേരള ഹൈക്കോടതിയുടെ 26/08/2019-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഈ ആഫീസിലെ 30/10/2019-ൽ അച്ചടക്ക നടപടികൾ പൂർത്തീകരിച്ച് നൽകിയ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് നൽകി.

ശ്രീ. സുനിൽ ദത്ത് 31/07/2019-ൽ സേവനത്തിൽ നിന്നും വിരമിച്ചു എങ്കിലും അർഹതപ്പെട്ട പെൻഷൻ ലഭ്യമാകുന്നില്ല എന്ന പരാതി സംബന്ധിച്ച് 21/12/2019-ൽ ഹിയറിംഗ് നടത്തുകയും, പ്രിസം മുഖേന പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ ശ്രീ.സുനിൽദത്തിനും, ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രഥമാദ്ധ്യാപകനും നിർദ്ദേശം നൽകുകയും ചെയ്തു.

ശ്രീ. സുനിൽ ദത്തിന്റെ 26/08/2011 മുതൽ 06/02/2018 വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രമീകരണവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ (എ) വകുപ്പിലെ 17/01/2020-ലെ എ.3/26/19 കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടിയാൻ 06/02/2018-ൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള കാലയളവ് പ്രവേശന കാലമായോ, അർഹമായതും അനുവദനീയമായതുമായ അവധിയായോ, ഇവ രണ്ടുമായോ ക്രമീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

ശ്രീ.സുനിൽദത്തിനെതിരായ അച്ചടക്ക നടപടി പൂർത്തീകരിച്ചു കൊണ്ടുള്ള മാനേജരുടെ 23/07/2019-ലെ ഉത്തരവ് പ്രകാരം സാധൂകരിച്ച് നൽകിയിരുന്നു. ശ്രീ.സുനിൽദത്ത് ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 22416/19 കേസിലെ 26/08/2019-ലെ ഇടക്കാല ഉത്തരവ് പ്രകാരം മാനേജരുടെ അച്ചടക്ക നടപടി പൂർത്തിയാക്കിയ ഉത്തരവ് സ്റ്റേ ചെയ്തിരുന്നു. അപ്രകാരം ഈ ആഫീസിൽ നിന്നും അച്ചടക്ക നടപടി പൂർത്തീകരിച്ചത് സാധൂകരിച്ചു നൽകിയ 30/10/2019 ലെ ബി.5/8401/2011 ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. തുടർന്ന് റിട്ട് ഹർജി 35611/19 കേസിലെ 13/01/2021-ലെ വിധിന്യായ പ്രകാരം ടിയാനെതിരെയുള്ള അച്ചടക്ക നടപടി സ്റ്റേ ചെയ്ത് ഉത്തരവ് നിരസിച്ചു ഉത്തരവാകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരായി അച്ചടക്ക നടപടി സാധീകരിച്ചു നൽകിയ ഉത്തരവ് ഈ ആഫീസിലെ ബി.5/8401/11 നമ്പർ പ്രകാരം പ്രാബല്യത്തിൽ നൽകി ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. ശ്രീ. സുനിൽദത്തിന്റെ പെൻഷൻ ആനുകൂല്യങ്ങൾ അക്കൗണ്ടന്റ് ജനറലിന്റെ പി-2/2102046496/4/പി/15/70517467 ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ ടിയാന്റെ റിവൈസ്ഡ് പെൻഷൻ അക്കൗണ്ടന്റ് ജനറലിന്റെ പി-2/2102046496/4/പി/21/15/70532538 പ്രകാരം അനുവദിച്ചു നൽകിയിട്ടുള്ളതുമാണ്. ടിയാന്റെ എസ്.എൽ.ഐ, ജി.ഐ.എസ്, പി.എഫ് എന്നിവയും ടിയാന് മാറി നൽകിയതായി പ്രഥമാദ്ധ്യാപകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാന്റെ സസ്പെൻഷൻ കാലയളവിലെ (26/08/2011 മുതൽ 06/02/2018 വരെ) സസ്പെൻഷൻ അലവൻസ്, 07/02/2018 മുതലുള്ള പേ ഫിക്സേഷൻ അരിയർ എന്നിവ മാറി നൽകാനുണ്ടെന്നും പ്രഥമാദ്ധ്യാപകൻ റിപ്പോർട്ട് നൽകിയിട്ടുണ്ട്."

5) മേല്പറഞ്ഞ വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ഹർജിക്കാരന്റെ വാദം സംക്ഷിപ്തമായി ചുവടെ കൊടുക്കുന്നു:

"വേലവിലക്കായി നിർത്തി ക്രമീകരിക്കുന്ന ഒരു വ്യവസ്ഥ കേരള വിദ്യാഭ്യാസ ചട്ടത്തിലോ, മാന്വൽ ആൻഡ് ഡിസിപ്ലിനറി പ്രൊസീഡിംഗ്സിലോ ഇല്ലാത്തതാണ്. ആയതിനാൽ തന്റെ വേല വിലക്ക് കാലഘട്ടം എല്ലാ ആവശ്യങ്ങൾക്കും വേണ്ടി ഡ്യൂട്ടിയായി പരിഗണിക്കണമെന്നും സ്കൂൾ മാനേജരുടെ നടപടി ക്രമങ്ങളാൽ തനിക്ക് നഷ്ടപ്പെട്ട ഹെഡ്മാസ്റ്റർ തസ്തികയുടെ അർഹമായി ശമ്പളം, മറ്റ് സേവന-വേതന പെൻഷൻ ഇവയെല്ലാം ലഭ്യമാകുന്നതിനുവേണ്ടി അഭ്യർത്ഥിക്കുന്നു."

6 ) മേല്പറഞ്ഞ ആവശ്യം പരിഗണിക്കുമ്പോൾ, ഹർജിക്കാരന് ശിക്ഷ വിധിച്ച കഴിഞ്ഞ സ്ഥിതിയ്ക്ക് സസ്പെൻഷൻ കാലം ഡ്യൂട്ടിയായി കണക്കാക്കാനാകില്ലെന്ന മാനേജറുടെ വാദം ശരിവയ്ക്കേണ്ടതാണ്. അക്കാലം ഉപജീവനബത്തയിൽ പരിമിതപ്പെടുത്തി, മറ്റൊരു ആനുകൂല്യത്തിനും പരിഗണിക്കാത്ത വിധം ക്രമവൽക്കരിക്കുന്നതിനു മാത്രമേ സാധിക്കുകയുള്ളൂ. മാത്രമല്ല, സസ്പെൻഷൻ ഉണ്ടായതു മൂലമാണ് പ്രഥമാദ്ധ്യാപകനിയമനം ലഭിക്കാത്തതെന്ന വാദത്തിലും കഴമ്പില്ല. കാരണം, ഹർ ജിക്കാരൻ 1 0 വർഷത്തോളം ശൂന്യവേതന അവധിയിലായിരുന്നതിനാൽ കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 4 4 എ അനുശാസിക്കുന്നപ്രകാരം 1 2 വർഷത്തെ തുടർച്ചയായ ഗ്രാഡ്വേറ്റ് സർവ്വീസ് ടിയാന് ലഭിക്കുന്നില്ല. അതു കൂടാതെ, മാനേജറുടെ വാദം മുകളിലെ ഖണ്ഡിക 3-ൽ ഉദ്ധരിച്ചതിൽ പരാമർശിച്ചിട്ടുള്ള കോടതിവിധിയനുസരിച്ച് ബഹു: കോടതി ശിക്ഷ നടപടികൾ റദ്ദാക്കണമെന്ന ഹർജിക്കാരന്റെ ആവശ്യം നിരസിച്ചുകൊണ്ട് സസ്പെൻഷൻ കാലം ക്രമവൽക്കരിക്കുന്നതിനാവശ്യമായ അപേക്ഷ സമർപ്പിക്കുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

7) മേൽ സാഹചര്യത്തിൽ മയ്യനാട് എച്ച്.എസ്.എസ്-ലെ (വിരമിച്ച) എച്ച്.എസ്.ടി (മാത്സ്) ആയ ശ്രീ. സുനിൽദത്തിന് എതിരായ അച്ചടക്ക നടപടി KCS(CCA)Rules പ്രകാരമുള്ള കഠിന ശിക്ഷ നൽകി തീർപ്പ് കല്പിച്ചിട്ടുള്ളതിനാൽ, ശ്രീ. സുനിൽ ദത്തിന്റെ 26-08-11 മുതൽ 06-02-2018 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി, പെൻഷന് മാത്രം ഡ്യൂട്ടിയായും, 07-02-2018 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSR Part I Rule-126 പ്രകാരം പ്രവേശന കാലം അനുവദനീയമല്ലാത്തതിനാൽ KSR Part I Rule-56B(9) ന് ചുവടെയുള്ള Note-2 പ്രകാരം അർഹമായതും അനുവദനീയവുമായ അവധിയായും ക്രമീകരിക്കുന്നതിന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നല്കിയും, നഷ്ടപ്പെട്ട ഹെഡ്മാസ്റ്റർ തസ്തികയിലെ അർഹമായ ശമ്പളം, മറ്റ് സേവന-വേതന-പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കണമെന്ന ആവശ്യം നിരസിച്ചും, അപ്രകാരം എക്സിബിറ്റ്. പി. 6 തീർപ്പാക്കി മയ്യനാട് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും വിരമിച്ച ശ്രീ.സുനിൽദത്ത് എസ്, ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No23488/2021-ന്റെ 28.10.2021-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

മാനേജർ, മയ്യനാട് ഹയർ സെക്കണ്ടറി സ്കൂൾ, മയ്യനാട്, കൊല്ലം

ശ്രീ.സുനിൽ ദത്ത്, സായ് അളക, കുട്ടിക്കട പി.ഒ. കൊല്ലം

ധനകാര്യ വകുപ്പ്(23.06.2022 ലെ എഡ്യൂ-എ1/95/2022-ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**

**Date: 05-07-2022 15:54:59**

സെക്ഷൻ ഓഫീസർ